**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5850** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഹാപ്പിനസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുടുംബശ്രീ ആരംഭിക്കുന്ന ഹാപ്പിനസ് സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇവ എന്ന് മുതലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ? | (എ) | കുടുംബങ്ങളിലെ സന്തോഷ സൂചിക ഉയർത്തുന്നത് ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് 'ഹാപ്പിനെസ് സെന്ററുകൾ' . വ്യക്തികളുടെ മാനസിക ശാരീരിക ആരോഗ്യ സംരക്ഷണം, പരിസര സൗഹൃദ കുടുംബാന്തരീക്ഷം സൃഷ്ടിക്കൽ, കലാ കായിക സാംസ്കാരിക രംഗത്തെ പങ്കാളിത്തം, കുടുംബങ്ങളിൽ മികച്ച ആശയവിനിമയം, ഫലപ്രദമായ സാമ്പത്തിക മാനേജ്മെൻറ്, ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ഇതരമൂല്യങ്ങളും സംരക്ഷിക്കുക എന്നിങ്ങനെ വ്യക്തികളെയും കുടുംബങ്ങളെയും ആരോഗ്യപരമായി കൂട്ടിയിണക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>പ്രസ്തുത പദ്ധതി 168 മോഡൽ സി.ഡി.എസുകളിൽ തുടക്കമിടുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2024 ഓഗസ്റ്റ് മൂന്നാം വാരത്തോടെ ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങാനാണുദ്ദേശിക്കുന്നത്.<br><br>തുല്യത, സാമ്പത്തിക സുസ്ഥിരത, പരിസ്ഥിതി, ശുചിത്വം, കല, സാഹിത്യം, സ്പോർട്സ്, മാനസികാരോഗ്യം, പോഷകാഹാരം, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങി വിവിധ മേഖലകളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുക. |

സെക്ഷൻ ഓഫീസർ